നം.എൽ.എഫ്.ഇ.(ബി.പി)325/13

ലോക്കൽ ഫണ്ട് ഓഡിറ്റ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ
ജില്ലാ കാര്യാലയം, സിവിൽസ്റ്റേഷൻ,
കാക്കനാട്, എറണാകുളം – 682030

തീയതി : 14.03.2013

**എറണാകുളം ജില്ലയിലെ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2011–12 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)–ാം വകുപ്പ്, 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13–ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും : ശ്രീ. ടി. ജെ. വർഗ്ഗീസ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2011–12 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചുകിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃതപദ്ധതി വിഹിതം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് 10.12.2011 മുതൽ 18.02.2013 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം വിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

## ഓഡിറ്റ് നടത്തിയിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം |
|---|---|---|
| 18.02.2013 മുതൽ 23.02.2013 വരെ | 2011–12ലെ വാർഷിക കണക്കുകൾ | ശ്രീ. പി. സി. വേലായുധൻ,<br>ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | | ശ്രീമതി. ജോമോൾ. എം. ജോണി<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. പി. വി. ജോർജ്<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

**<u>നിർവഹണാധികാരികൾ</u>**

**<u>പ്രസിഡന്റ്</u>**

| | | | | | |
|---|---|---|---|---|---|
| അഡ്വ. റീസ് പുത്തൻവീട്ടിൽ | - | 01.04.2011 | മുതൽ | 31.03.2012 | വരെ |

**<u>സെക്രട്ടറി</u>**

| | | | | | |
|---|---|---|---|---|---|
| ശ്രീ. പി.കെ. വിശ്വൻ | - | 01.04.2011 | മുതൽ | 25.05.2011 | വരെ |
| ശ്രീ. എം. എം. അബ്ദുൾ സലീം | - | 26.05.2011 | മുതൽ | 31.05.2011 | വരെ |
| ശ്രീ. കെ. എസ്. സെയ്തു മുഹമ്മദ് | - | 01.06.2011 | മുതൽ | 31.03.2012 | വരെ |

**<u>റിപ്പോർട്ടിന്റെ ഉള്ളടക്കം</u>**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾകൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

**ഭാഗം 1:-** **<u>പൊതു അവലോകനം</u>**. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2:-** **<u>വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>**. രസീത് പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3 :-** **<u>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>**. പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4 :-** **<u>ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും</u>**. പഞ്ചായത്തിന്റെ വിവിധ ഇനങ്ങളിൽ ഉള്ളതും ഓഡിറ്റിൽ പരിശോധനക്ക് വിധേയമാക്കിയതുമായ വാർഷിക കണക്കുകളെ സംബന്ധിച്ച വിവരങ്ങൾ, സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**<u>അനുബന്ധ പത്രികകൾ</u>** : ഓഡിറ്റ് സർട്ടിഫിക്കറ്റ്.

Local Fund Audit Department

**<u>ഭാഗം 1</u>**

**<u>പൊതു അവലോകനം</u>**

മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2011-12 വർഷത്തെ ബജറ്റ് 07.03.2011ൽ കൂടിയ പഞ്ചായത്ത് യോഗം അംഗീകരിക്കുകയുണ്ടായി. ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് 12,25,03,000/-രൂപയും ആകെ ചെലവ് 12,20,27,000/-രൂപയും ആണ്. ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം 2011-12 വർഷത്തെ ആകെ വരവ് 9,88,48,072/-രൂപയും ആകെ ചെലവ് 9,57,34,119/-രൂപയും ആണ്. (പഞ്ചായത്തിന്റെ തനത് വിനിയോഗത്തിന് ലഭിച്ച യഥാർത്ഥവരവ് (ഋണബാധ്യത കിഴിച്ചുള്ള വരവ്) 9,81,20,719/- രൂപയാണ്.)

സാമ്പത്തിക വർഷത്തെ ആകെ വരവിൽ, സർക്കാരിൽ നിന്നും വിവിധ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം ഇനത്തിൽ ലഭിച്ച 9,69,60,958/-രൂപയും പഞ്ചായത്തിന്റെ തനത് വരുമാനമായ 11,59,757/-രൂപയും ഉൾപ്പെടുന്നു.

മേൽപറഞ്ഞ വരവു ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയതിൽ 40,334/-രൂപ ഓഡിറ്റിൽ അംഗീകരിക്കാൻ സാധിക്കാത്ത വിധത്തിൽ ചെലവ് ചെയ്തതായി കാണുന്നു. കൂടാതെ വിവിധ കാരണങ്ങളാൽ 35,89,975/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. (വിശദവിവരത്തിനായി ഈ റിപ്പോർട്ടിന്റെ 3-ാം ഭാഗത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.)

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട മറ്റ് പൊതുവായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

**2011-12ലെ വികസനഫണ്ട് വിനിയോഗം**

| ഇനം | ജനറൽ | എസ്.സി.പി. | ടി.എസ്.പി. | ആകെ |
|---|---|---|---|---|
| മുന്നിരിപ്പ് | 538214 | 2815685 | 70000 | 3423899 |
| വരവ് | 12798304 | 6869000 | 142000 | 19809304 |
| ആകെ | 13336518 | 9684685 | 212000 | 23233203 |
| ചെലവ് | 8062223 | 6968104 | - | 14674008 |
| നീക്കിയിരിപ്പ് | 5274295 | 2716581 | 212000 | 8202876 |
| ചെലവ് % | 60.45 % | 71.94 % | 0 % | 63.15 % |

Local Fund Audit Department

## ഭാഗം - രണ്ട്

## വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരിക്ഷണങ്ങൾ

ഇല്ല.

## ഭാഗം-3

## ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3.1 ഉദയംപേരൂർ മാളേക്കാട് അംബേദ്കർ എസ്.സി. കോളനിയിൽ വനിത വർക്ക് ഷെഡ് നിർമ്മാണം.

| | | |
|---|---|---|
| പ്രോജക്ട് നം. | : | എസ്. 0053/12 ₹.12,30,000/- |
| കരാറുകാരൻ | : | ശ്രീ. കുര്യാക്കോസ് വർഗ്ഗീസ് |
| കരാർ നിരക്ക് | : | എസ്റ്റിമേറ്റ് നിരക്കിലും 20% കൂടുതൽ |
| അളവു പുസ്തകം | : | 26/10-11 & 47/10-11 |
| ബിൽ നം. | : | 32/31.03.2013 ₹.4,27,166/- (₹. 8,43,513/-) |

ഈ വേലയുടെ ഫൈനൽ ബിൽ ഇനം 31 അനുസരിച്ച് വർക്ക് ഷെഡ് കോൺക്രീറ്റിംഗിന് വിനിയോഗിച്ച കമ്പിയുടെ വിലയായി താഴെ പറയും പ്രകാരമുള്ള തുക കണക്കാക്കി നൽകിയിട്ടുണ്ട് (അളവു പുസ്തകം 47/10-11 പേജ് നം.40, 41)

| | |
|---|---|
| അളവു പുസ്തകം 26/10-11 പേജ് നം.41 | 1924.805 കി.ഗ്രാം |
| അളവു പുസ്തകം 47/10-11 പേജ് നം.8 | 1419.550 കി.ഗ്രാം |
| ആകെ | 3344.355 കി.ഗ്രാം |

| | |
|---|---|
| 3344.355 കി.ഗ്രാം കമ്പിക്ക് ക്വിന്റലിന് 4591/- രൂപ നിരക്ക് അനുസരിച്ചുള്ള തുക (അളവുപുസ്തകം 47/10-11 പേജ് നം.40) | ₹.1,53,539.33 |
| കരാർ വ്യതിയാനം 20%ൽ കൂടുതൽ | ₹. 30,707.87 |
| ആകെ | ₹. 1,84,247.20 |

മേൽസൂചിപ്പിച്ച പ്രകാരം കോൺക്രീറ്റിംഗിന് വിനിയോഗിച്ച കമ്പിയുടെ തൂക്കം അളവു പുസ്തകം 26/10-11 പേജ് നം.41 അനുസരിച്ച് കണക്കാക്കിയിട്ടുള്ള 1924.805 കി.ഗ്രാം എന്നത് ശരിയാണ്. എന്നാൽ അളവു പുസ്തകം 47/10-11 പേജ് നം.8 പ്രകാരം എടുത്തിട്ടുള്ള 1419.55 എന്നത്, ഉപയോഗിച്ച 12എം.എം.-ഉം 8 എം.എം.-ഉം വ്യാസമുള്ള കമ്പിയുടെ നീളമാണ്. (അളവു പുസ്തകം 47/10-11 പേജ് നം.6 മുതൽ 8 വരെ). അതായത് 1419.55 മീറ്റർ കമ്പിയുടെ മീറ്ററിലുള്ള നീളം, തൂക്കമായി പരിവർത്തനം നടത്താതെ മുൻ അളവുപുസ്തകത്തിലെ (26/10-11) കമ്പിയുടെ തൂക്കത്തോടൊപ്പം അളവു പുസ്തകം 47/10-11ലെ മീറ്ററിലുള്ള നീളം കൂടി കൂട്ടി മൊത്തം തൂക്കം കണക്കാക്കുകയാണ് ചെയ്തത്. ഇതുമൂലം, 732.12 കി.ഗ്രാം കമ്പിയുടെ വില അധികമായി കരാറുകാരന് നൽകിയിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| അളവു പുസ്തകം 47/10-11 പേജ് നം.6 മുതൽ 8വരെ ചേർന്നുട്ടുള്ള കമ്പിയുടെ നീളം | 1419.550 മീറ്റർ |
| 12എം.എം കമ്പിയുടെ നീളം | 257 മീ. |
| 12എം.എം കമ്പിയുടെ തൂക്കം | 257 × 0.888 = 228.22 കി.ഗ്രാം |
| 8എം.എം കമ്പിയുടെ നീളം | 1162.55 മീ. |
| 12എം.എം കമ്പിയുടെ തൂക്കം | 1162.55 × 0.395 = 459.21 കി.ഗ്രാം |
| ആകെ തൂക്കം | 228.22 + 459.21 = 687.43 കി.ഗ്രാം |

ഇതനുസരിച്ച് 687.43 കി.ഗ്രാം കമ്പിക്ക് പകരമായി 1419.55 കി.ഗ്രാം എന്ന് തെറ്റായി കണക്കാക്കിയത് മൂലം അധികം നൽകിയ 732.12 കി.ഗ്രാം കമ്പിയുടെ വില 40,334 രൂപ (കരാർ വ്യതിയാനം ഉൾപ്പെടെ) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്. അധിക തുക നൽകിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| 732.12 കി.ഗ്രാം കമ്പിയുടെ വില (ക്വിന്റലിന് 4591/- രൂപ നിരക്കിൽ) | ₹. 33,612.00 |
| (+) കരാർ വ്യതിയാനം 20%ൽ അധികം | ₹. 6,722.00 |
| ആകെ | ₹. 40,334.00 |

Local Fund Audit Department

**3.2 ചെലവുരേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു - 35.89 ലക്ഷം രൂപ.**

2011-12 വർഷം വിവിധ പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്ത് ചെലവാക്കിയ തുക വിവിധ കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ക്രമ നം | പ്രോജക്ട് | നൽകിയ തുക | ബിൽ നം | തടസ്സപ്പെടുത്തുന്നതിനുള്ള കാരണം |
|---|---|---|---|---|
| 1. | ഓർമ്മിളക്കുന്ന് കോളനി റോഡ് ടാറിംഗ് (എടയ്ക്കാട്ടുവയൽ പഞ്ചായത്തിന് തുക നൽകി) | 3,00,000 | 21/11-12 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 2. | മണീഗ്-ഏഴക്കരനാട്-കിഴുമുറി റോഡ് റീ-ടാറിംഗ് (മണീഗ് ഗ്രാമ പഞ്ചായത്തിന് തുക നൽകി) | 3,00,000 | 19/11-12 | --"-- |
| 3. | തൊട്ടൂർ പട്ടികജാതി കോളനി സമഗ്ര വികസനം (എടയ്ക്കാട്ടുവയൽ പഞ്ചായത്തിന് തുക നൽകി) | 6,00,000 | 20/11-12 | --"-- |
| 4. | രാജീവ് ഗാന്ധി കോളനി റോഡ് റീ-ടാറിംഗ് (മണീഗ് ഗ്രാമ പഞ്ചായത്തിന് തുക നൽകി) | 1,50,000 | 17/11-12 | --"-- |
| 5. | കുന്നത്തുമറ്റം എസ്.സി. കോളനി റോഡ് ടാറിംഗ് (മണീഗ് ഗ്രാമ പഞ്ചായത്തിന് തുക നൽകി) | 4,00,000 | 18/11-12 | --"-- |
| 6. | ആമ്പല്ലൂർ കമ്പംകരിയ്ക്കൽ റോഡ് മെറ്റലിംഗ് (ആമ്പല്ലൂർ ഗ്രാമ പഞ്ചായത്തിന് തുക നൽകി) | 3,00,000 | 16/11-12 | --"-- |
| 7. | തുരുത്തിക്കര തത്ത്യാലിപാട്ടം റോഡ് മെയിന്റനൻസ് (മുളന്തുരുത്തി ഗ്രാമ പഞ്ചായത്തിന് തുക നൽകി) | 1,50,000 | 15/11-12 | --"-- |
| 8. | തുപ്പംപടി-നടവിലത്താഴം അരിക്പുറം കോരഞ്ചിറ റോഡ് മെറ്റലിംഗ്, ടാറിംഗ് (മുളന്തുരുത്തി ഗ്രാമ പഞ്ചായത്തിന് തുക നൽകി) | 3,00,000 | 13/11-12 | --"-- |
| 9. | ചോറ്റാനിക്കര വെള്ളംകുഴിച്ചിറ സൈഡ് കെട്ടലും കുന്നപ്പള്ളി റോഡ് നിർമ്മാണവും (ചോറ്റാനിക്കര ഗ്രാമ പഞ്ചായത്തിന് തുക നൽകി) | 1,40,000 | 14/11-12 | --"-- |
| 10. | കുലയിറ്റിക്കര-മിത്രപുരം റോഡിൽ ഇലക്ട്രിക് ലൈൻ നീട്ടൽ (കെ.എസ്.ഇ.ബി.ക്ക് തുക നൽകി) | 65,450 | 4/11-12 | കെ.എസ്.ഇ.ബി. യുമായി കരാർ വെച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 11. | എരുവേലി പി.എച്ച്.ഡി. കനാൽ റോഡ് വൈദ്യുതീകരണം (കെ.എസ്.ഇ.ബി.ക്ക് തുക നൽകി) | 72,996 | 3/11-12 | --"-- |
| 12. | ചോറ്റാനിക്കര കത്തനാര് ചിറ കണ്യാട്ട് നിരപ്പ് ഇലക്ട്രിക് ലൈൻ നീട്ടൽ (കെ.എസ്.ഇ.ബി.ക്ക് തുക നൽകി) | 66,813 | 2/11-12 | --"-- |
| 13. | ഉദയംപേരൂർ പാലപ്പറമ്പ് അത്തിക്കുഴി ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ (കെ.എസ്.ഇ.ബി.ക്ക് തുക നൽകി) | 58,462 | 9/11-12 | --"-- |
| 14. | ആമ്പല്ലൂർ കൂറുള്ളിമല പോണേത്ത് റോഡിൽ ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ (കെ.എസ്.ഇ.ബി.ക്ക് തുക നൽകി) | 1,00,730 | 5/11-12 | --"-- |
| 15. | ആമ്പല്ലൂർ പുളിക്കൽ കരോട്ട് പുത്തൻപുരയ്ക്കൽ റോഡിൽ ഇലക്ട്രിക് ലൈൻ നീട്ടൽ (കെ.എസ്.ഇ.ബി.ക്ക് തുക നൽകി) | 42,524 | 6/11-12 | --"-- |

Local Fund Audit Department

| ക്രമ നം | പ്രോജക്ട് | നൽകിയ തുക | ബിൽ നം | തടസ്സപ്പെടുത്തുന്നതിനുള്ള കാരണം |
|---|---|---|---|---|
| 16. | മണീഗ് സ്രാപ്പിള്ളി കൊച്ചു പള്ളിപ്പടി റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (കേരളാ വാട്ടർ അതോറിറ്റിക്ക് തുക നൽകി) | 50,000 | 8/11-12 | കേരളാ വാട്ടർ അതോറിറ്റിയുമായി കരാർ വെച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 17. | അമ്പേലിമല പുഴിയേലിൽ പൈപ്പ് ലൈൻ നീട്ടൽ (കേരളാ വാട്ടർ അതോറിറ്റിക്ക് തുക നൽകി) | 40,000 | 7/11-12 | --"-- |
| 18. | ഉദയംപേരൂർ ആമേട കാളഴത്ത് റോഡ് പൈപ്പ് ലൈൻ നീട്ടൽ (കേരളാ വാട്ടർ അതോറിറ്റിക്ക് തുക നൽകി) | 1,05,000 | 11/11-12 | --"-- |
| 19. | ഉദയംപേരൂർ നേരേക്കൽ റോഡ് പൈപ്പ് ലൈൻ നീട്ടൽ | 43,000 | 10/11-12 | --"-- |
| 20. | ചോറ്റാനിക്കര ഉദയാക്കവല പൈപ്പ് ലൈൻ നീട്ടൽ | 3,05,000 | 1/11-12 | --"-- |
| | തടസ്സപ്പെടുത്തുന്ന തുക | 35,89,975 | | |

### 3.3 ഐ. എ. വൈ. ഭവനപദ്ധതി - വീടുപണി പൂർത്തീകരിച്ചിട്ടില്ല.

താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഐ. എ. വൈ. ഭവന പദ്ധതി പ്രകാരം ലഭിച്ച വീടിന്റെ പണി പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | ധനസഹായം | ധനസഹായം ലഭിച്ച തീയതി / ചെക്ക് നം / തുക | | | ബാക്കി കിട്ടാനുള്ള തുക |
|---|---|---|---|---|---|---|
| 1. | ഷൈനി മത്തായി നെടിക്കാട്ടു കുടിലിൽ | 75,000/- | 23.09.11 | 02015342 | 20,000/- | 10,000/- |
| | | | 16.11.11 | 313707 | 20,000/- | |
| | | | 26.11.11 | 315041 | 25,000/- | |
| | | | ആകെ | | 65,000/- | |
| 2. | കാഞ്ചന രാജു അടുകാട്ടിൽ ചെത്തിക്കോട് | 75,000/- | 12.08.11 | 02015630 | 15,000/- | 5,000/- |
| | | | 19.08.11 | 313643 | 30,000/- | |
| | | | 13.09.11 | 333147 | 25,000/- | |
| | | | ആകെ | | 70,000/- | |

വീടുപണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3.4 ഐ. എ. വൈ. ഭവന പദ്ധതി നടത്തിപ്പിലെ അപാകതകൾ.

ദാരിദ്ര്യരേഖക്ക് താഴെയുള്ള പട്ടികജാതി / പട്ടികവർഗ്ഗക്കാർക്കും ഇതരസമുദായങ്ങളിൽപ്പെട്ടവർക്കും സൗജന്യമായി വീട് വെച്ച് നൽകി അവരുടെ പാർപ്പിട പ്രശ്നങ്ങൾക്ക് സ്ഥിരമായ പരിഹാരം കാണുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. എന്നാൽ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ 2011-12 വർഷം ഈ പദ്ധതി നടപ്പിലാക്കിയപ്പോൾ താഴെപറയുന്ന അപാകതകൾ ഉണ്ടായി:-

(എ) ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ളവർക്കും കൂടി ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

Local Fund Audit Department

(ബി) ഐ. എ. വൈ. പദ്ധതി അനുസരിച്ച് പണികഴിപ്പിക്കുന്ന വീടുകൾ 25 ച.മീറ്ററിനും 40 ച.മീറ്ററിനും ഇടയിലായിരിക്കണമെന്നിരിക്കെ ഭൂരിഭാഗം വീടുകളും 100 ച.മീറ്ററിനു മുകളിലാണ്.

ഉദാ: (i) മേരി തോമസ്, മങ്ങിട്ടപ്പിള്ളി, എടയ്ക്കാട്ടുവയൽ
(ii) നീതു അഭിലാഷ്, കുഞ്ഞശ്ശേരിൽ, ഏഴക്കരനാട്
(iii) പ്രിയ റെജി, തെക്കേക്കൊക്കനാട്ടിൽ
(iv) ജൂബി സതീഷ്കുമാർ, വടക്കകംകരയിൽ, മണീഗ്
(v) ശാരദാ. പി.ജി., പാലാത്ത് നെച്ചൂർ

(സി) വീടുകളുടെ പ്ലാൻ ബന്ധപ്പെട്ട ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

**3.5 <u>മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി 2011-12 വർഷത്തെ അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.</u>**

Local Fund Audit Department

| വരവ് | |
|---|---|
| മുന്നിരിപ്പ് | 42,930 |
| വരവ് | 6,00,34,019 |
| പലിശ | 93,125 |
| ആകെ വരവ് | 6,01,70,074 |

| ചെലവ് (പഞ്ചായത്തുകൾക്ക് കൈമാറിയത്) | |
|---|---|
| ആമ്പല്ലൂർ ഗ്രാമ പഞ്ചായത്ത് | 1,69,50,000 |
| ചോറ്റാനിക്കര ഗ്രാമ പഞ്ചായത്ത് | 30,00,000 |
| എടയ്ക്കാട്ടുവയൽ ഗ്രാമ പഞ്ചായത്ത് | 1,10,10,000 |
| മുളന്തുരുത്തി ഗ്രാമ പഞ്ചായത്ത് | 97,00,000 |
| മണീട് ഗ്രാമ പഞ്ചായത്ത് | 1,05,00,000 |
| ഉദയംപേരൂർ ഗ്രാമ പഞ്ചായത്ത് | 81,00,000 |
| ആകെ | 5,92,60,000 |
| ശമ്പളം കൊടുത്തത് | 3,05,856 |
| ആകെ ചെലവ് | 5,95,65,856 |

| | |
|---|---|
| ആകെ തൻവർഷം വരവ് | 6,01,70,074 |
| ആകെ തൻവർഷം ചെലവ് | 5,95,65,856 |
| നീക്കിയിരിപ്പ് | 6,04,218 |

**3.6 <u>നഷ്ടമായ തുക ഈടാക്കപ്പെട്ടു.</u>**

മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിലെ ഹെഡ്ക്ലാർക്കിന്റെ ഓഫീസ് കമ്പ്യൂട്ടർ നന്നാക്കിയ വകയിൽ ഗ്രേഡ് ഇൻഫോപാർക്ക്, മുളന്തുരുത്തി എന്ന സ്ഥാപനത്തിന് 24.10.2011ൽ 3,400/- രൂപ നൽകുകയുണ്ടായി. ഇതേ ആവശ്യത്തിൽ തന്നെ ഇതേ തുക 04.12.2012ൽ വീണ്ടും നൽകി. തുക നൽകിയതിലെ ഇരട്ടിപ്പ് ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ ഫലമായി പ്രസ്തുത തുക (3,400/- രൂപ) രസീത് നം.11204100065 പ്രകാരം 22.02.2013ൽ തിരികെ ഈടാക്കപ്പെട്ടു.

ഒരേ ആവശ്യത്തിൽ ഒന്നിലധികം തവണ ചെലവു വരുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അശ്രദ്ധമൂലമാണ്. ഇത്തരം പിശകുകൾ ആവർത്തിക്കാതിരിക്കാൻ മുൻകരുതൽ സ്വീകരിക്കേണ്ട താണ്

## ഭാഗം 4

## ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

### 4.1 വായ്പ/വായ്പ തിരിച്ചടവ്.

ഇല്ല.

### 4.2 സ്ഥിരനിക്ഷേപങ്ങൾ(ഇൻവെസ്റ്റ്മെന്റുകൾ)

ഇല്ല

### 4.3 സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനുള്ള തുകകൾ

കേന്ദ്ര-സംസ്ഥാന സർക്കാറുകളിലേക്കും മറ്റ് വിവിധ സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനായി പിരിച്ചിട്ടുള്ളതും ഒടുക്കിയതും ഒടുക്കുവാൻ ബാക്കി നിൽക്കുന്നതുമായ തുകകളുടെ വിശദ വിവരം എഴുതിയ രജിസ്റ്റർ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിശദാംശങ്ങൾ ലഭ്യമല്ല.

Local Fund Audit Department

### 4.4 ഓഡിറ്റ് റിക്കവറി

ഇല്ല.

### 4.5 ഓഡിറ്റ് ചാർജ്ജ്

സ.ഉ.(പി)124/2012 ത.സ്വ.ഭ.വ. തീയതി 10.05.2012 പ്രകാരം ഓഡിറ്റ് ചാർജ്ജ് ഒഴിവാക്കി.

### 4.6 ഓഡിറ്റ് പ്രത്യവലോകനം

(എ) **സംക്ഷിപ്ത വിവരം**

| വർഷം | ആകെ വരവ് | ആകെ ചെലവ് | വരവിനങ്ങളിലുള്ള നഷ്ടം | ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക |
|---|---|---|---|---|---|
| 2011-12 | 9,88,48,072/- | 9,57,34,119/- | - | 40,334/- | 35,89,975/- |

(ബി) **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3.1 | | 40,334/- | ശ്രീ. കെ.ടി. സാജൻ<br>അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |

**സംക്ഷിപ്തം**

| വർഷം | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ |
|---|---|---|
| 2011-12 | - | 41,734/- |

**തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3.3 | 35,89,975/- |
| ആകെ | 35,89,975/- |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| ഇല്ല | | |

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.**

ഇല്ല

(ഈ) **റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗി കമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ.ടി. സാജൻ<br>അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | | കാവ്യം,<br>എൽ.സി.എസ്. ക്രോസ്,<br>മണിമല റോഡ്,<br>കൊച്ചി - 41 |

**4.7** **തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1997-98 | എൽ.എഫ്.ഇ.(സി1) 1219/01/26.06.2002 | |
| 1998-99 | എൽ.എഫ്.ഇ.(സി1) 63/03/24.07.2003 | |
| 1999-00 | എൽ.എഫ്.ഇ.(സി1) 1104/04/10.03.2005 | |
| 2000-01 | എൽ.എഫ്.ഇ.(സി1) 192/05/05.09.2005 | |
| 2001-02 | എൽ.എഫ്.ഇ.(സി1) 4/05/20.07.2006 | |
| 2002-03 | എൽ.എഫ്.ഇ.(സി1) 448/07/21.11.2007/17.01.2008 | |
| 2003-04 | എൽ.എഫ്.ഇ.(സി1) 449/07/21.11.2007/17.01.2008 | |
| 2004-05 | എൽ.എഫ്.ഇ.(സി1) 450/07/21.11.2007/14.03.2008 | |
| 2007-08 | എൽ.എഫ്.ഇ.(സി1) 283/10/10.03.2010 | |

Local Fund Audit Department

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2008-09 | എൽ.എഫ്.ഇ.(സി1) 284/10/10.03.2010 | |
| 2009-10 | എൽ.എഫ്.ഇ.(സി1) 288/12/17.05.2012 / 05.07.2012 | |
| 2010-11 | എൽ.എഫ്.ഇ.(ബി.പി.2) 476/12 /04.04.2012 /05.07.2012 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ലോക്കൽ ഫണ്ട് ഓഡിറ്റ്, എറണാകുളം

Local Fund Audit Department

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരളപഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2011-12 വർഷത്തിലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഭാഗം 4-ലെ ഖണ്ഡിക 6-ൽ വിശദീകരിച്ചിട്ടുള്ളതുപോലെ 35,89,975/- രൂപയുടെ തടസ്സവാദവും 41,734/- രൂപയുടെ നിരാകരണവും ഒഴിച്ചാൽ, എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2011-12-ലെ വരവ് ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2003 ജൂൺ 12-ലെ 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

Local Fund Audit Department

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ലോക്കൽ ഫണ്ട് ഓഡിറ്റ്, എറണാകുളം

**18.02.2013 മുതൽ 23.02.2013 വരെ നടന്ന മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ**

**2011–12 സാമ്പത്തിക വർഷത്തിലെ ഓഡിറ്റിന്റെ ജോലി വിഭജനരേഖ**

| | | |
|---|---|---|
| 1. | ശ്രീ. പി. വി. ജോർജ്<br>സീനിയർ ഗ്രേഡ് ഓഡിറ്റർ | ബ്ലോക്ക് പഞ്ചായത്തിന്റെ 2011–12 സാമ്പത്തിക വർഷത്തെ തനത് ഫണ്ടിൽ നിന്നുള്ള ചെലവുകളുടെ ഓഡിറ്റ്, ഐ.എ.വൈ. ഫണ്ടിന്റെ വരവ്-ചെലവുകളുടെ ഓഡിറ്റ്, ടി വർഷത്തെ വാടക ഉൾപ്പെടെയുള്ള വരവിനങ്ങളുടെ ഓഡിറ്റ്, 09.12.2011 മുതൽ നാളിതുവരെയുള്ള രസീത്/പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ എന്നിവയുടെ പരിശോധന |
| 2. | ശ്രീമതി. ജോമോൾ. എം. ജോണി<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ | വികസനഫണ്ടിൽ നിന്നും അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒഴികെയുള്ള നിർവ്വഹണഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ ഓഡിറ്റ്, കരട് ഓഡിറ്റ് റിപ്പോർട്ട് ക്രോഡീകരണം |
| 3. | ശ്രീ. പി. സി. വേലായുധൻ,<br>ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികളുടെ ഓഡിറ്റ്, പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പണികളുടെ ഒഡിറ്റ്, ഓഡിറ്റ് ബാച്ചിന്റെ പൊതുവിലുള്ള മേൽനോട്ടച്ചുമതല |

Local Fund Audit Department

മുളന്തുരുത്തി
18.02.2013

ശ്രീ. പി. സി. വേലായുധൻ
ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)

//ശരി പകർപ്പ്//

ഡെപ്യൂട്ടി ഡയറക്ടർ
ലോക്കൽ ഫണ്ട് ഓഡിറ്റ്, എറണാകുളം